Draft #1 of File Acbl/3/2929/2018 Approved by ASSISTANT REGISTRAR I ACADEMIC on 03-Apr-2019 04:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ഹെഡ്ഷിപ്പ് റൊട്ടേഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 1445/AC B 1/2019/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 04.04.2019

---

പരാമർശം:-1. 12.06.2018 തീയതിയിലെ ഡി1/ 139/2018/ഉ.വി.വ. നമ്പർ കത്ത് മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച ഡോ. കെ. രാമചന്ദ്രന്റെ നിവേദനം.

2. 26.09.2018 തീയതിയിൽ ചേർന്ന സിൻഡിക്കറ്റ് യോഗത്തിന്റെ മിനിറ്റ്സ് (18.08) ഇനം നമ്പർ 35/18.08/186140.

3. 18.03.2019 തീയതിയിൽ ചേർന്ന സിൻഡിക്കറ്റ് യോഗത്തിന്റെ മിനിറ്റ്സ് (19.02) ഇനം നമ്പർ ഒ.എ.04/19.02

**<u>ഉത്തരവ്</u>**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ വകുപ്പ് മേധാവി സ്ഥാനം റൊട്ടേഷൻ രീതിയിൽ ആക്കുന്നത് സംബന്ധിച്ച് പരാമർശം (1) ലെ ഡോ. രാമചന്ദ്രന്റെ നിവേദനത്തിന്മേൽ റിപ്പോർട്ട് നൽകണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർവകലാശാലയെ അറിയിച്ച സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളുമായി 11.02.2019 -ന് വൈസ് ചാൻസലറുടെ ചേംബറിൽ വെച്ച് ചർച്ച നടത്തുകയും മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ വിവിധ വിഷയങ്ങളുടെ വകുപ്പ് മേധാവി സ്ഥാനം റൊട്ടേഷൻ രീതിയിൽ ആക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. 18.03.2019 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം " എം. ജി. സർവകലാശാലയുടെ കീഴിലുള്ള എല്ലാ എയ്ഡഡ് കോളേജുകളിലും Headship Rotation നടപ്പിലാക്കുന്നത് തത്വത്തിൽ അംഗീകരിക്കുവാനും പ്രസ്തുത വിഷയത്തിൽ മാർഗ്ഗരേഖ തയ്യാറാക്കുവാൻ സിൻഡിക്കേറ്റിന്റെ അപ്രൂവൽ സംബന്ധിച്ച ഉപസമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുകുമാരൻ .റ്റി. ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അപ്രൂവൽ സംബന്ധിച്ച സിൻഡിക്കേറ്റ് ഉപസമിതി അംഗങ്ങൾ

2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി

3. രജിസ്ട്രാറുടെ പി.എ.

4. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം

5. എ.സി.സി. I/II സെക്ഷൻ / ഐ.ക്യു.എ.സി.

6. റെക്കോർഡ്സ് വിഭാഗം/ കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcbI/3/2929/2018 Approved by ASSISTANT REGISTRAR I ACADEMIC on 03-Apr-2019 04:13 PM - Page 2